**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2465** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കേരള കായിക താരങ്ങൾക്ക് ഒളിമ്പിക്സിൽ മെഡൽ ലഭിക്കുന്നതിനായി ഏർപ്പെടുത്തിയ പരിശീലന പരിപാടിയായ 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയും എക്സ്പേർട്ട് കമ്മിറ്റിയും വിലയിരുത്തുകയും ടി കമ്മിറ്റികളുടെ തീരുമാനപ്രകാരം പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |
| (ബി) | കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കായിക പരിശീലനങ്ങൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അത് കായിക താരങ്ങളുടെ കായികക്ഷമതയെ ദോഷകരമായി ബാധിക്കുവാൻ സാദ്ധ്യതയുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പരിശീലന പരിപാടികൾ നിർത്തിവച്ചിരുന്നു. പരിശീന പരിപാടികൾ നിർത്തി വച്ചത് കായിക താരങ്ങളുടെ ശാരീരികവും, മാനസികമായ കായികക്ഷമതയെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. എന്നിരുന്നാലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക താരങ്ങൾക്ക് ഓൺലൈൻ ക്ലാസ്സുകൾ നൽകി അവരുടെ കായികക്ഷമത നിലനിർത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിശീലനം പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ സർക്കാർ നിർദ്ദേശിച്ച ക്ലാസ്സുകളിലേക്ക് നിബന്ധനകൾക്ക് വിധേയമായി തുറന്ന് പ്രവർത്തിക്കുന്നതിനും, കായിക പരിശീലനത്തിനായി സ്റ്റേഡിയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം നിലവിൽ ഇവർക്ക് ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള വിദഗ്ധ പരിശീലകർ ഓൺലൈൻ ക്ലാസ്സുകൾ നൽകി വരുന്നു. ആവശ്യമുള്ള ഘട്ടത്തിൽ വിദേശ പരിശീലനകരുടെ സേവനം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ